''ഭരണഭാഷ-മാതൃഭാഷ''

വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ.ജി2/ 17369/2015. ചാക്ക, തിരുവനന്തപുരം
തീയതി: 21.07.2015

<u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 (സെമസ്റ്റർ)- റീ-കൗണ്ടിംഗിന് അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച്

സൂചന:-ഡി.ജി.ഇ.റ്റിയുടെ MSDE-19/12/2014-CD നമ്പർ കത്ത്

***************

2015 ഫെബ്രുവരി മാസം നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (സെമസ്റ്റർ സമ്പ്രദായം) പങ്കെടുത്ത ട്രെയിനികൾക്ക് എഞ്ചിനീയറിംഗ് ഡ്രായിംഗിൽ ലഭിച്ചിട്ടുള്ള മാർക്കിന്മേൽ റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. (അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു). *(ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം കമ്പ്യൂട്ടറിന്റെ സഹായത്തോടെ ചെയ്യുന്നതിനാൽ ആയതിന് റീവാല്യുവേഷൻ അനുവദനീയമല്ലായെന്ന് സൂചന പ്രകാരം ഡി.ജി.റ്റി അറിയിച്ചിട്ടുണ്ട്.)* പൂരിപ്പിച്ച അപേക്ഷ ഒറിജിനിൽ ചെലാൻ സഹിതം 31.07.15 ന് മുൻപ് ഡെപ്യൂട്ടി ഡയറക്ടർ(ട്രെയിനിംഗ്), ട്രെയിനിംഗ് ഡയറക്ടറേറ്റ്, പരീക്ഷാ വിഭാഗം, ചാക്ക ഐ.ടി.ഐ കാമ്പസ്, ബീച്ച്.പി.ഒ തിരുവനന്തപുരം-7 എന്ന വിലാസത്തിൽ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ 7.8.15 3 പി.എം-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. <u>തോറ്റ വിഷയത്തിന് 20 രൂപയും, വിജയിച്ച വിഷയത്തിന് 50 രൂപയുമാണ് റീകൗണ്ടിംഗിനുവേണ്ടി '0230-എൽ & ഇ-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടത്.</u> മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ ഉൾക്കൊളളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല. റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനിയുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ജൂലൈ 2015-ൽ നടക്കുന്ന അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എ-13.7.15

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 (സെമസ്റ്റർ സമ്പ്രദായം)
## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിതം) :

2. ട്രേഡ് :

3. റോൾ നമ്പർ :

4. സർക്കാർ ഐ.ടി.ഐ./ പ്രൈവറ്റ് ഐ.ടി.ഐ.യുടെ പേര് :

5. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ :1.
   2.

6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
   : 2.
   : 3.

7. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ

8. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം

   ചെലാൻ നമ്പർ :
   തീയതി :
   തുക :
   ട്രഷറിയുടെ പേര് :

9. അപേക്ഷകൻ പ്രൈവറ്റ് കാൻഡിഡേറ്റ് ആണോ (എങ്കിൽ അപേക്ഷ സ്വീകരിച്ച പ്രിൻസിപ്പാളിന്റെ ഒപ്പ് രേഖപ്പെടുത്തുക) :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

..........................................................എന്ന ട്രെയിനി ഫെബ്രുവരി 2015 (സെമസ്റ്റർ സമ്പ്രദായം) അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ..............................................ഗവ/പ്രൈവറ്റ് ഐ.റ്റി.ഐ യിൽ നിന്നും ..........................................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ

സ്ഥലം :
തീയതി :